(എ) 2008-13 കാലത്ത് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി./എസ്.റ്റി. ആവ.സാ. കേന്ദ്രങ്ങളിൽ എത്ര പദ്ധതികൾ ആവിഷ്കരിച്ചു ; എത്ര എണ്ണം നടപ്പാക്കി ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ എത്രയാണെന്നും ഉപേക്ഷിച്ച പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് നടപടി

198 (2753) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ, വർക്കർ, സ്വീപ്പർ, അറ്റൻഡർ, ഗാർഡനർ, പൂണ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, മീറ്റർ റീഡർ എന്നീ തസ്തികകളിൽ വർഷങ്ങളായി എച്ച്.ആർ.വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇടനിലക്കാരെ ഒഴിവാക്കി ഇവർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ. വ്യവസ്ഥയിൽ ആരെയും നിയമിച്ചിട്ടില്ല. സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ ജലവിതരണ സംവിധാനം തടസ്സപ്പെടാതിരിക്കാൻ അംഗീകൃത കരാറുകാർ മുഖേന ലേബർ സപ്ലൈ അടിസ്ഥാനത്തിൽ ആവശ്യാനുസരണം തൊഴിലാളികളെ ഏർപ്പെടുത്താറുണ്ട്. ഇവരെ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ് ലേബർ സപ്ലൈ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവർക്ക് വേതനം നൽകി വരുന്നത്.

(ഡി) ഇത്തരം തൊഴിലാളികൾ കരാറുകാർ മുഖേന നിയോഗിക്കപ്പെടുന്ന വരായതിനാൽ ഇവരുടെ വേതനം കരാറുകാർ മുഖേന നൽകാനേ നിർവ്വാഹമുള്ളൂ

ജലമണി പദ്ധതി

200 (2755) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ജലമണി പദ്ധതി കേരളത്തിൽ നടപ്പാക്കിയതിന്റെ കഴിഞ്ഞ 6 വർഷത്തെ കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതി എത്ര ഘട്ടം പൂർത്തിയായി ; എത്ര സ്കൂളുകളിൽ നടപ്പാക്കി ; വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഗ്രാമീണ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജലമണി പദ്ധതിക്കായി 2009-ൽ 2,56,40,000 രൂപ (രണ്ട് കോടി അൻപത്തിയാറുലക്ഷത്തി നാൽപ്പതി നായിരം രൂപ) അനുവദിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിനായി 1282 സർക്കാർ സ്കൂളുകളെയാണ് തെരഞ്ഞെടുത്തത്. ജലമണി പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് കേരള സർക്കാർ തീരുമാനിച്ചത്. ആദ്യഘട്ടത്തിൽ 502 സ്കൂളുകളിലും രണ്ടാം ഘട്ടത്തിൽ 886 സ്കൂളുകളിലും ജലമണി പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി ലഭിച്ച സപ്ലൈ ഓർഡറുകളുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ 396 സ്കൂളുകളിലും രണ്ടാംഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly